**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **09-12-2022 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനും അതുവഴി സുസ്ഥിര കാർഷിക വികസനത്തിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിച്ചുവരുന്നു. ഓരോ വിളയെ അടിസ്ഥാനമാക്കി നാളികേരം, നേന്ത്രക്കായ, തേൻ, മാങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ഒരുക്കുന്നതിനാണ് അഗ്രോ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്.<br><br>2022-23 വർഷം മുതൽ കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന വിളയിടാധിഷ്ഠിത കൃഷി രീതിയിൽ മൂല്യവർധിത കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും മുഖ്യലക്ഷ്യമാണ്.<br><br>2021-22 വർഷത്തിൽ ആരംഭിച്ച "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. 'ഒരു കൃഷി ഭവൻ ഒരു ഉല്പന്നം' എന്ന ലക്ഷ്യമാണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായി മൂല്യവർധിത കൃഷി മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുണ്ട്.<br><br>കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തര മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (എം.എസ്.എം.ഇ.). ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരഭകർക്ക് മൂലധന നിക്ഷേപങ്ങൾക്ക് അനുസൃതമായി എല്ലാ ഘടകങ്ങൾക്കും ധനസഹായം നല്കുന്നു. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒകൾ) രൂപീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 44 പുതിയ കർഷക ഉത്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 49 കർഷക ഉത്പാദക സംഘടനകളുടെ ശാക്തീകരണവും നടപ്പാക്കി വരുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 10000 എഫ്.പി.ഒകളുടെ രൂപീകരണ പദ്ധതി പ്രകാരം ഏജൻസികളായ നബാർഡ്, എസ്.എഫ്.എ.സി.(GoI), നാഫെഡ്, എൻ.സി.ഡി.സി. എന്നിവ മുഖാന്തരം 76 എഫ്.പി.ഒകൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. എഫ്.പി.ഒകൾക്ക് വിവിധ പദ്ധതി പ്രകാരം നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ചു നൽകുന്നു. ഇത്തരത്തിൽ എ.ഐ.എഫ്.ഫണ്ട്, എം.എസ്.എം.ഇ. കൾക്കുള്ള വിവിധ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷക ഉത്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്.

Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവകലാശാലയുടെ സ്ഥാപനം വാണിജ്യ ആവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന്ന ഉപഭോക്താവിനു തന്നെ ഉത്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനം എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്. വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉത്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. വി.എഫ്.പി.സി.കെയുടെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർധിത ഉത്പന്ന

| | | | |
|---|---|---|---|
| | | | നിർമാണ കേന്ദ്രത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ 'തളിർ' എന്ന ഏകീകൃത ബ്രാൻഡിൽ വിപണനം ചെയ്യുന്നു., റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനും ലക്ഷ്യമിടുന്നു. കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതു സംരഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി ഇൻകുബേഷൻ സെന്ററുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന പ്ലാറ്റ്ഫോം സജ്ജമാക്കുന്നതിനും പദ്ധതി പരിഗണിച്ചു വരുന്നു.<br><br>മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി One District One Product അധിഷ്ഠിതമായി ആരംഭിച്ച ജില്ല തോറുമുള്ള മൈക്രോ സംരംഭങ്ങളുടെ കൂട്ടായ്മ വിപണി സംബന്ധമായ അറിവുകൾ പകർന്നു നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ